"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - ക്വയിലോൺ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന സംഘടനയുടെ ചെയർമാന് ഭൂമി സംബന്ധിച്ച രണ്ട് വ്യത്യസ്തമായ സർട്ടിഫിക്കറ്റുകൾ നല്കിയതുമായി ബന്ധപ്പെട്ട് ആദിച്ചനല്ലൂർ മുൻ കൃഷി ഓഫീസറായിരുന്ന ശ്രീ കെ രാമചന്ദ്രൻ പിള്ളയ്ക്കെതിരായ അച്ചടക്ക നടപടി- തടഞ്ഞു വച്ചിരുന്ന ഡി സി ആർ ജി ക്കു പലിശ നിരാകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.1091/2023/AGRI   തീയതി,തിരുവനന്തപുരം, 16-11-2023

---

പരാമർശം:-
1. 14/02/2023-ലെ സ.ഉ.(സാധാ) നം.117/2022/കൃഷി നമ്പർ ഉത്തരവ്.
2. ശ്രീ.കെ.രാമചന്ദ്രൻ പിള്ള സമർപ്പിച്ച03/06/2023 തീയതിയിലെ നിവേദനം.
3. O.A No.1642/2022-ലെ ബഹു:അഡ്മിനിസ്ട്രേറ്റീവ് കോടതിയുടെ 20/06/2023 ലെ ഉത്തരവ്.

**ഉത്തരവ്**

ക്വയിലോൺ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന സംഘടനയുടെ ചെയർമാന് ഭൂമി സംബന്ധിച്ച രണ്ട് വ്യത്യസ്തമായ സർട്ടിഫിക്കറ്റുകൾ നല്കിയതുമായി ബന്ധപ്പെട്ട് ആദിച്ചനല്ലൂർ മുൻ കൃഷി ഓഫീസറായിരുന്ന, 31/10/2013- ൽ വിരമിച്ച ശ്രീ.കെ.രാമചന്ദ്രൻപിള്ളയുടെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ ഒരു വർഷത്തേയ്ക്ക് കുറവുചെയ്യാമെന്ന താത്കാലിക തീരുമാനം അസ്ഥിരപ്പെടുത്തി ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി പരാമർശം (1) ഉത്തരവ് പ്രകാരം തീർപ്പാക്കിയിട്ടുള്ളതാണ്.

2).പരാമർശം (2) പ്രകാരം ശ്രീ.കെ.രാമചന്ദ്രൻ പിള്ള സമർപ്പിച്ച Annexure A6 നിവേദനത്തിൽ ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ച തീയതിയായ 31/10/2013 മുതൽ 07/08/2022 വരെയുള്ള കാലയളവിലെ 12% പലിശയോടു കൂടി DCRG അനുവദിച്ചു

നല്കണമെന്ന ആവശ്യം പരിഗണിച്ചില്ല എന്നു കാണിച്ച് ടിയാൻ ബഹു:അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ **O.A No.1642/2023** നം. കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിലെ **20/06/2023**-ലെ ഉത്തരവിൽ **Annexure A6** നിവേദനം പരിശോധിച്ച് ഉചിത ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഉത്തരവായിരുന്നു.

**3)**.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **KSR** ൽ നിലവിലുള്ള ചട്ട പ്രകാരം ഡി.സി.ആർ.ജി വിതരണം ചെയ്യുന്നതിന് കാലതാമസം വന്നതിന് പലിശ നൽകുന്നതിന് വ്യവസ്ഥയില്ലാത്തതാണ്. കെ.എസ്.ആർ ചട്ടം **3 A**, ഭാഗം **3** പ്രകാരം ചട്ടം **3** അനുസരിച്ച് വകുപ്പുതല /നീതി ന്യായ നടപടി ആരംഭിക്കുകയോ തുടരുകയോ ചെയ്യുന്ന കേസിൽ അങ്ങനെയുള്ള നടപടിയുടെ തീർപ്പാക്കലും അതിൻമേലുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കലും വരെ യാതൊരു അന്ത്യോപദാനവും **(DCRG)** നൽകാൻ പാടില്ലാത്തതാണ് എന്ന വ്യവസ്ഥ പാലിച്ച് ശ്രീ.കെ.രാമചന്ദ്രൻ പിള്ളയുടെ യോഗ്യമായ സർവ്വീസിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് അനുവദനീയമാകുന്ന പരമാവധി പെൻഷനിൽ കവിയാത്ത ഒരു തുക താൽക്കാലിക പെൻഷനായി അനുവദിച്ചു നല്കിയിരുന്നു. അച്ചടക്ക നടപടി നിലനിന്നിരുന്നതിനാൽ തടഞ്ഞു വച്ചിരുന്ന ശ്രീകെ.രാമചന്ദ്രൻ പിള്ളയുടെ ഡി സി ആർ ജി - ക്ക് പലിശ നൽകുവാൻ ചട്ടത്തിൽ വ്യവസ്ഥയില്ലാത്തതിനാൽ ഡി സി ആർ ജി ക്കു പലിശ നൽകണമെന്ന ശ്രീ.കെ.രാമചന്ദ്രൻ പിള്ളയുടെ **Annexure A6** പ്രകാരമുള്ള ആവശ്യം നിരാകരിച്ച് ഉത്തരവാകുന്നു.

**4)** ശ്രീ.കെ.കെ രാമചന്ദ്രൻ പിള്ള ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത **OA 1642/2022** നം. കേസിലെ **20/06/2023** ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**

ഡെപ്യൂട്ടി സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം.
ശ്രീ കെ കെ രാമചന്ദ്രൻ പിള്ള, കൃഷി ഓഫീസർ (റിട്ട. ) (ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖാന്തിരം)
കരുതൽ സഞ്ചയം/ ഓഫീസ് കോപ്പി (കൃഷി- ഇഎ 3/51/2021-കൃഷി)